# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4882. 21.10.2011-ൽ മറുപടിയ്ക്ക്

## വനത്തിൽ വീണുകിടക്കുന്ന മരങ്ങളുടെ വിപണനം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>" കെ.അച്ചുതൻ:<br>" എ.പി.അബ്ദുള്ളക്കുട്ടി:<br>" എം.പി.വിൻസെന്റ് : | **ശ്രീ. കെ.ബി. ഗണേഷ് കുമാർ**<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വനത്തിനുള്ളിൽ വീണുകിടക്കുന്ന വൻമരങ്ങൾ അവിടെ വച്ചുതന്നെ പലകകളാക്കി ഡിപ്പോകളിലെത്തിച്ച് ലേലം ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (എ) വനത്തിനുള്ളിൽ വീണുകിടക്കുന്ന വൻമരങ്ങൾ അവിടെ വച്ചുതന്നെ പലകകളാക്കി ഡിപ്പോകളിലെത്തിച്ച് ലേലം ചെയ്യുന്നത് വ്യാപകമായ അഴിമതിക്കും ദുരുപയോഗത്തിനും കാരണമാകുമെന്നതിനാൽ ആയത് അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടില്ല. |
| (ബി) വനത്തിനുള്ളിലെ ജലാശയങ്ങൾ നശിക്കാതെ നോക്കുന്നതിന് വനം സംരക്ഷണ സമിതികൾ വഴി നടപടി സ്വീകരിക്കുമോ; | (ബി) വനത്തിനുള്ളിലെ ജലാശയങ്ങൾ നശിക്കാതെ നോക്കുന്നതിനും, നീർത്തട സംരക്ഷണത്തിനും വനം സംരക്ഷണ സമിതികൾ മുഖേന അംഗീകൃത മൈക്രോ പ്ലാനുകൾക്ക് വിധേയമായി ജല-മണ്ണ് സംരക്ഷണ പ്രവർത്തികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) പരിസ്ഥിതി സൗഹാർദ്ദ വാഹനങ്ങൾ ഉപയോഗിച്ച് നിബിഡ വനങ്ങളിലൂടെ ട്രക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനും അതിൽ നിന്ന് വരുമാനം നേടുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) വിശദമായ ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ വന്യജീവികൾക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമല്ലാത്ത രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട വനഭാഗങ്ങളിൽ വരുമാനം നേടാവുന്ന വിധത്തിൽ ട്രക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**